**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3921** **17-03-2025 - ൽ മറുപടിയ്ക്ക്**

**അത്യാഹിത വിഭാഗത്തിൽ എത്തിച്ചേരുന്ന രോഗികളുടെ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ എത്തിച്ചേരുന്ന രോഗികൾക്ക് രജിസ്ട്രേഷൻ ടിക്കറ്റ് എടുക്കുന്നതിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കയാണെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ റിസപ്ഷനിൽ 5 കൗണ്ടറുകളും വാർഡ് 10 ന്റെ അടുത്തായി ഒരു സ്പെഷ്യാലിറ്റി കൗണ്ടറും കിയോസ്കിന്റെ അടുത്തായി ഒരു റീ വിസിറ്റ് കൗണ്ടറും പ്രവർത്തിക്കുന്നുണ്ട്. റിസപ്ഷനിൽ ഉള്ള 5 കൗണ്ടറിൽ ഒരെണ്ണം ഓൺലൈൻ കൗണ്ടറും, ഒരെണ്ണം മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കുമായും, ഒരെണ്ണം പുതിയതായി വരുന്നവർക്കായും രണ്ടു കൗണ്ടറുകൾ റീവിസിറ്റിന് വരുന്നവർക്കായും ക്രമീകരിച്ചിരിക്കുന്നു. |
| (ബി) | പകൽ സമയങ്ങളിൽ ഒ.പി. വിഭാഗങ്ങളിൽ എത്തിച്ചേരുന്ന രോഗികൾക്ക് ഒ.പി. ടിക്കറ്റ് നൽകുന്ന അതേ കൗണ്ടറുകളിൽ നിന്നാണോ അത്യാഹിത വിഭാഗത്തിലും പേവിഷ പ്രതിരോധ ക്ലിനിക്കിലും എത്തിച്ചേരുന്ന രോഗികൾ രജിസ്ട്രേഷൻ നടത്തേണ്ടത്; എങ്കിൽ ഇത്തരം രോഗികൾക്ക് മുൻഗണന നൽകുന്നതിന് എന്ത് സംവിധാനമാണുള്ളത്; അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികൾക്ക് ഒ.പി. ടിക്കറ്റ് ലഭിക്കുന്നതിന് ക്യൂ നിൽക്കേണ്ടതില്ലെന്ന തരത്തിൽ നോട്ടീസ് ബോർഡോ അറിയിപ്പോ അവിടെ പ്രദർശിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉച്ചയ്ക്ക് ഒരു മണിവരെ അത്യാഹിത വിഭാഗത്തിൽ വരുന്ന രോഗികൾക്ക് ക്യൂ നിൽക്കാതെ ഏത് കൗണ്ടറിൽ നിന്നും ഒ പി ടിക്കറ്റ് എടുക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. അത്യാഹിത വിഭാഗത്തിൽ വരുന്ന രോഗികളെ അത്യാഹിത വിഭാഗത്തിൽ എത്തിച്ചതിന് ശേഷം മാത്രമാണ് ഒ. പി. ടിക്കറ്റ് എടുക്കുന്നത്. അവർക്ക് ക്യൂ നിൽക്കാതെ ഒ. പി. ടിക്കറ്റ് എടുക്കുവാനുള്ള സൗകര്യം ചെയ്തു കൊടുക്കുന്നുണ്ട്. |
| (സി) | അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികളുടെ രജിസ്ട്രേഷൻ നടത്തുന്നതിന് അവരുടെ കൂടെ എത്തുന്ന വ്യക്തി ഒ.പി. വിഭാഗങ്ങളിൽ എത്തിച്ചേരുന്നവർക്കൊപ്പം വളരെയധികം സമയം ക്യൂവിൽ ചെലവഴിക്കേണ്ട നിലവിലെ സാഹചര്യം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; ഇവർക്ക് ക്യൂവിൽ മുൻഗണനയുണ്ടെന്ന തരത്തിൽ വ്യക്തമായ അറിയിപ്പ് പ്രദർശിപ്പിക്കാമോ? | (സി) | അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികളുടെ രജിസ്ട്രേഷൻ നടത്തുന്നതിന് ക്യൂ നിൽക്കാതെ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അപ്രകാരമുള്ള വിവരങ്ങൾ ഉള്ള ബോർഡുകൾ സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. കാലതാമസം കൂടാതെ ബോർഡുകൾ സ്ഥാപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ